നമ്പർ 366/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

നമ്മുടെ പുരാതനമായ കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയും, നാഗ്പൂരിൽ പുതുതായി സ്ഥാപിച്ചിരിക്കുന്ന സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരിയും വൈദിക പരിശീലനത്തിലും അത്മായ വേദശാസ്ത്ര പഠനത്തിലും സുപ്രധാനമായ പങ്ക് വഹിച്ചുകൊണ്ടിരിക്കുകയാണെന്ന് നിങ്ങൾക്ക് അറിയാമല്ലോ. സഭാംഗങ്ങളുടെ പ്രാർത്ഥനാപൂർവ്വമായ പിന്താങ്ങൽ ഈ സെമിനാരികൾക്ക് ലഭിക്കുന്നു എന്നത് സന്തോഷം തരുന്ന കാര്യമാണ്. ഈ സെമിനാരികളിൽ കൂടി സഭയ്ക്ക് ഉചിതമായ ആദ്ധ്യാത്മീക നേതൃത്വം ഉണ്ടാകുവാൻ നിങ്ങളെല്ലാം തുടർന്നും പ്രാർത്ഥിക്കണം.

ഈ വർഷം ഒക്ടോബർ 4 ഞായറാഴ്ചയാണ് സെമിനാരി ദിനം. അന്നേ ദിവസം എല്ലാ പള്ളികളിലും വി. കുർബ്ബാന മദ്ധ്യേ സെമിനാരികൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും, അന്ന് നടക്കേണ്ട സെമിനാരി കവർ പിരിവിലും സ്തോത്രകാഴ്ചയിലും എല്ലാവരും സഹകരിക്കുകയും വേണം. ഒക്ടോബർ 4 - ന് വി. കുർബ്ബാനയില്ലാത്ത പള്ളികളിൽ, തൊട്ടടുത്ത വി. കുർബ്ബാനയുള്ള പൊതു ആരാധനാ ദിവസം സെമിനാരികൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും സെമിനാരികൾക്ക് സാമ്പത്തിക പിന്തുണ നൽകുകയും വേണം. പള്ളിയിൽ നിന്നും വ്യക്തികളിൽ നിന്നുമുള്ള പ്രത്യേക സംഭാവനകളും അന്നത്തെ സ്തോത്രകാഴ്ചയും ഉൾപ്പെടെയുള്ള മുഴുവൻ തുകയും കോട്ടയം സെമിനാരിയിലേക്ക് **പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പി. ബി. 98, കോട്ടയം - 686001, കേരള** എന്ന വിലാസത്തിൽ ഒക്ടോബർ 31 -ന് മുമ്പായി അയച്ചുകൊടുക്കണം. അവിടെ നിന്ന് ആനുപാതികമായി ഇരുസെമിനാരികൾക്കും തുക വീതിച്ച് നൽകുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

2009 ഓഗസ്റ്റ് മാസം 19 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.